ഭരണഭാഷാ -മാതൃഭാഷ

# കേരള ആരോഗ്യശാസ്ത്ര സർവ്വകലാശാല

സംഗ്രഹം

അഡ്മിനിസ്ട്രേഷൻ-ജനറൽ-ആദരണീയനായ പത്മവിഭൂഷൺ ഡോ. എം. എസ്. വല്യത്താൻറെ സ്മരണയിൽ എല്ലാ വർഷവും സർവ്വകലാശാലയിൽ 'ഗവേഷണ ദിന'ത്തിൽ പ്രഭാഷണം സംഘടിപ്പിക്കുന്നത് സംബന്ധിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

## അഡ്മിനിസ്ട്രേഷൻ (ജനറൽ) വിഭാഗം

ഉ. നം . 867/2025/അഡ്മിൻ/കേ.ആ.സ തൃശ്ശൂർ, 10-06-2025

---

പരാമർശം 1. 02/09/2024 ന ചേർന്ന ഗവേണിങ് കൗൺസിൽ യോഗത്തിലെ 81.13 നമ്പർ തീരുമാനം.

2. 10/09/2024 ലെ 1344/2024/അഡ്മിൻ/കേആസ നമ്പർ ഉത്തരവ്.

3. 17/12/2024 ലെ മാർഗ്ഗനിർദ്ദേശക സമിതി റിപ്പോർട്ട്

4. 31/12/2024 ന ചേർന്ന ഗവേണിങ് കൗൺസിൽ യോഗത്തിലെ 82.74 നമ്പർ തീരുമാനം.

## ഉത്തരവ്

പന്ത്രണ്ടാമത് സർവ്വകലാശാലാ സ്ഥാപനദിനാഘോഷത്തിൽ മുഖ്യപ്രഭാഷണം നിർവഹിച്ച ആദരണീയനായ പത്മവിഭൂഷൺ ഡോ. എം. എസ്. വല്യത്താൻറെ സ്മരണയിൽ എല്ലാ വർഷവും സർവ്വകലാശാലയിൽ ഒരു പ്രഭാഷണം സംഘടിപ്പിക്കുന്നതിനും ആയതിലേയ്ക്കായി മാർഗ്ഗനിർദ്ദേശങ്ങൾ തയ്യാറാക്കുന്നതിന് ബഹു. പ്രോ-വൈസ് ചാൻസലർ ഡോ. സി. പി. വിജയൻ അദ്ധ്യക്ഷനായും ഗവേണിംഗ് കൗൺസിൽ അംഗങ്ങളായ ഡോ. പി. ആർ. സുധാകരൻ, ആയുർവേദ മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടർ ഡോ. ടി. ഡി. ശ്രീകുമാർ എന്നിവർ അംഗങ്ങളുമായി ഒരു മൂന്നംഗ മാർഗ്ഗനിർദ്ദേശക സമിതി രൂപീകരിക്കുന്നതിനും 02/09/2024 ന ചേർന്ന ഗവേണിംഗ് കൗൺസിൽ യോഗത്തിൽ തീരുമാനമെടുത്തിരുന്നു.

പരാമർശം 2 പ്രകാരം രൂപീകരിച്ച മാർഗ്ഗനിർദ്ദേശക സമിതി സമർപ്പിച്ച റിപ്പോർട്ട് 31.12.2024 ന ചേർന്ന ഗവേണിങ് കൗൺസിൽ യോഗം അംഗീകരിക്കുകയും സർവ്വകലാശാലയിൽ എല്ലാ വർഷവും സംഘടിപ്പിക്കുന്ന 'ഗവേഷണദിനാ'ഘോഷത്തിന്റെ ഭാഗമായി **'പത്മവിഭൂഷൺ ഡോ . എം. എസ്. വല്യത്താൻ സ്മാരക പ്രഭാഷണം'** സംഘടിപ്പിക്കുന്നതിനും ബഹു. വൈസ്-ചാൻസലർ അദ്ധ്യക്ഷനായ തിരഞ്ഞെടുപ്പ് സമിതി തെരഞ്ഞെടുക്കുന്ന ആരോഗ്യരംഗത്തെ വിദഗ്ധനു പ്രസ്തുത ചടങ്ങിൽ പ്രഭാഷണം നിർവഹിക്കുന്നതിനും പ്രതിഫല രൂപത്തിൽ ഒരു ലക്ഷം രൂപ ഓണറേറിയം അനുവദിക്കുന്നതിനും തീരുമാനമെടുത്തിരുന്നു . പ്രസ്തുത തീരുമാനം നടപ്പിൽ വരുത്തുന്നതിന് ബഹു. വൈസ് -ചാൻസലർ അംഗീകാരം നല്കിയിട്ടുണ്ട്.

മേൽ സാഹചര്യത്തിൽ, പരാമർശം 3 ലെ മാർഗ്ഗനിർദ്ദേശക സമിതി റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ എല്ലാ വർഷവും സർവ്വകലാശാലയിൽ സംഘടിപ്പിക്കുന്ന ഗവേഷണദിനാഘോഷത്തിന്റെ ഭാഗമായി **'പത്മവിഭൂഷൺ ഡോ. എം. എസ്. വല്യത്താൻ സ്മാരക പ്രഭാഷണം'** സംഘടിപ്പിക്കുന്നതിനും ബഹു. വൈസ്-ചാൻസലർ അദ്ധ്യക്ഷനായ തിരഞ്ഞെടുപ്പ് സമിതി തെരഞ്ഞെടുക്കുന്ന, ആരോഗ്യരംഗത്തെ ഒരു വിദഗ്ധനേക്കൊണ്ട് പ്രസ്തുത ചടങ്ങിൽ ഒരു പ്രഭാഷണം നിർവഹിപ്പിക്കുന്നതിനും പ്രഭാഷകന് ഒരു ലക്ഷം രൂപ ഓണറേറിയവും, അർഹമായ സാഹചര്യങ്ങളിൽ, വിമാനയാത്രാനിരക്കുൾപ്പെടെ യാത്രാക്കൂലിയും താമസസൗകര്യവും അനുവദിച്ചുകൊണ്ടും ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഗവേഷണദിനാഘോഷത്തിനും 'പത്മവിഭൂഷൺ ഡോ . എം. എസ്. വല്യത്താൻ സ്മാരക പ്രഭാഷണ 'ത്തിനും ആവശ്യമായ ചെലവുകൾ Part 1-Non Plan(Expenditure), 22-Research General Expenses ന കീഴിലെ 22-2021-01-Seminar & Conferences എന്ന ബജറ്റ് ശീർഷകത്തിൽ നിന്നും വഹിക്കേണ്ടതാണ്.

Phone : 0487-2207664, 2207642 Fax : 0487 – 2207616, 2207620 e-mail: keralahealthuniversity@gmail.com

Document 2025/55816/1 - University Order (UO) - File No. 2024/30368/1
Approved by DR (Admn - I) on 2025-06-10 10:51:35 Digitally approved document; signature not required.
http://www.kuhs.ac.in
gAygH-1xD-kLGTB-D1cI
KUHS, Thrissur

തദനുസരണം ഉത്തരവ് പുറപ്പെടുവിയ്ക്കുന്നു.

**ഡെപ്യൂട്ടി രജിസ്ട്രാർ (അഡ്മിനിസ്ട്രേഷൻ-1)**

**രജിസ്ട്രാർക്ക് വേണ്ടി**

പകർപ്പ്:

ബഹു. വി-സി/പ്രോ-വി-സി/രജിസ്ട്രാർ/പരീക്ഷ കൺട്രോളർ/ഫിനാൻസ് ഓഫീസർ എന്നിവരുടെ പി എ മാർക്ക്

ഡീൻ (അക്കാദമിക്ക്)/ഡീൻ (റിസർച്ച്)/ഡീൻ (സ്റ്റുഡൻറ് അഫയേഴ്സ്)

ഡെപ്യൂട്ടി റജിസ്ട്രാർ (ഫിനാൻസ്)/പബ്ലിക്ക് റിലേഷൻസ് ഓഫീസ്സർ (വിശദമായ പത്രക്കുറിപ്പ് പ്രസിദ്ധീകരിയ്ക്കുന്നതിന്)

സർവ്വകലാശാലാ വെബ് സൈറ്റ്/കരുതൽ ഫയൽ/ഓഫീസ് പകർപ്പ്.

**ഉത്തരവിൻ പ്രകാരം**

**സെക്ഷൻ ഓഫീസർ**

http://www.kuhs.ac.in Document 2025/55816/1 - University Order (UO) - File No. 2024/30368/1
gAYgH-1xD-kLGTB-DlcI Approved by DR (Admn - I) on 2025-06-10 10:51:35 Digitally approved document; signature not required.
KUHS, Thrissur